## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 192

14.07.2016 ൽ മറുപടിയ്ക്ക്

### കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ.ബി.സത്യൻ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.എം.നൗഷാദ് | ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) മുൻ സർക്കാരിന്റെ കാലത്ത് കയർ വ്യവസായരംഗത്തെ പ്രതിസന്ധി മൂലം ചെറുകിട കയർ ഫാക്ടറി ഉടമകളും തൊഴിലാളികളുമായ '6' പേർ ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; | എ) അതെ. വളരെ ഗൌരവമായാണ് സർക്കാർ കാണുന്നത്. |
| (ബി) കയർ ഉത്പന്നങ്ങൾക്ക് വില ലഭിക്കാത്തതിനാലും ചകിരി ക്ഷാമം മൂലവും കയർപിരി മേഖല കടുത്ത വെല്ലുവിളിയെ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടി പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ? | (സി) കയർ വ്യവസായത്തെ അടിമുടി ആധുനീകരിക്കുന്നതിനൊപ്പം വ്യവസായത്തിൽ ജോലി ചെയ്യുന്ന പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുക എന്നതാണ് സർക്കാർ സമീപനം.<br>പരമ്പരാഗത തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന കയർ കയർഫെഡ് മുഖേനയും കയർ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴിയും നിശ്ചിത വിലയ്ക്ക് സംഭരിച്ച് തൊഴിലാളികൾക്ക് ജോലിയും വേതനവും ഉറപ്പുവരുത്തുക എന്നതാണ് സർക്കാർ സമീപനം. ഇതിനായി കയർമേഖലയുടെ വിഹിതം ഗണ്യമായി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ